## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2188–18/06/2013 –ലെ മറുപടിക്ക്
### കെ.എഫ്.സി.യുടെ സ്വയം സംരംഭക മിഷൻ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ . വർക്കല കഹാർ :<br>ശ്രീ. വി.റ്റി. ബൽറാം :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. ഷാഫി പറമ്പിൽ : | | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | കെ.എഫ്.സി.യുടെ സ്വയം സംരംഭക മിഷൻ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | ഉണ്ട് |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | തൊഴിലവസരങ്ങൾ സൃഷ്ടിച്ച് കേരള സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ തോത് കുറയ്ക്കുക, സംസ്ഥാനത്തെ യുവജനങ്ങൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ കേരള സർക്കാർ രൂപം നൽകിയ ഒരു പദ്ധതിയാണ് കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ. കഴിവും മികച്ച ആശയങ്ങളും ഉള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് സ്വയം സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പരിശീലനം നൽകുകയും, പ്രസ്തുത പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ലളിതമായ ജാമ്യ വ്യവസ്ഥ പ്രകാരം ബാങ്കുകളിലൂടെയും ധനകാര്യ സ്ഥാപനങ്ങളിലൂടെയും പലിശരഹിത സാമ്പത്തിക സഹായം ലഭ്യമാക്കുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്. |
| (സി) | ഏതെല്ലാം മേഖലകളാണ് പദ്ധതിയുടെ പരിധിയിൽപ്പെടുത്തുന്നത്; വിശദമാക്കുമോ ; | വ്യവസായ മേഖലകൾക്ക് ഊന്നൽ നൽകികൊണ്ട്, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ അണു/സൂക്ഷ്മ സംരംഭമായി രജിസ്റ്റർ ചെയ്യപ്പെടാവുന്ന പുതിയ പദ്ധതികളാണ് പരിഗണിക്കുന്നത്. കാർഷികാധിഷ്ഠിത പദ്ധതികളേയും പരിഗണിക്കുന്നതാണ്. വ്യാപാരം,ഗതാഗതം, ഫാമിംഗ്, മത്സ്യകൃഷി തുടങ്ങിയവയ്ക്ക് വായ്പ അനുവദിക്കുന്നതല്ല. |

| | | |
|---|---|---|
| (ഡി) | എന്തെല്ലാം സഹായങ്ങളാണ് സംരംഭകർക്ക് പദ്ധതി വഴി നൽകുന്നത് ? | പദ്ധതി പ്രകാരം തെരെഞ്ഞെടുക്കപ്പെട്ട സംരംഭകർക്ക് വിപണി സാധ്യതാ പഠനം ഉൾപ്പെടെ 13 ദിവസത്തെ വിദഗ്ദ്ധ പരിശീലനം നൽകി സംരംഭകരാകാൻ പ്രാപ്തരാക്കുന്നു. തുടർന്ന് ഇവർക്ക് ബാങ്കുകളിലൂടെയോ ധനകാര്യ സ്ഥാപനങ്ങളിലൂടെയോ പലിശരഹിത വായ്പ ലഭ്യമാക്കുകയും തൊഴിൽ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നു. പദ്ധതിയുടെ 90% വരെ എന്ന കണക്കിൽ പരമാവധി 20 ലക്ഷം രൂപ വരെയാണ് വായ്പ അനുവദിക്കുന്നത്. ടി വായ്പയുടെ തിരിച്ചടവ് കാലാവധി ഒരു വർഷത്തെ മോറട്ടോറിയം ഉൾപ്പെടെ 5 വർഷമായിരിക്കും. പലിശരഹിത വായ്പയാണ് അനുവദിക്കുന്നത്. പലിശ സർക്കാർ വഹിക്കുന്നതാണ്. |

അക്കൗണ്ട്സ് ഓഫീസർ